(ഇ) ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകുംമുമ്പ് ഈ പ്രോജക്ടിന്റെ പ്രിലിമിനറി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.

വ്യവസായമേഖലയ്ക്ക് നൽകുന്ന പുരസ്കാരങ്ങൾ

151 (2181) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ മേഖലയിൽ സമഗ്ര സംഭാവനകൾ നൽകുന്ന വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സർക്കാർ പുരസ്കാരം നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(സി) ഇതിനായി തെരഞ്ഞെടുപ്പ് നടത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) തെരഞ്ഞെടുപ്പ് സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളായുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇതുവരെ ഈ പുരസ്കാരത്തിന് അർഹരായ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസായ മേഖലയിൽ സമഗ്ര സംഭാവനകൾ നൽകുന്ന വ്യക്തികൾക്ക് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകുന്നുണ്ട്.

(സി) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള ആയുഷ്ക്കാല പ്രവർത്തനങ്ങളെ വിലയിരുത്തിയാണ്. ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകുന്നത്. തൊഴിൽ നൽകിയവരുടെ എണ്ണം, ടാക്സ് അടച്ച തുക, സാമൂഹിക പ്രതിബദ്ധത, സംരംഭകരെ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കയറ്റുമതി രംഗത്തെ സംഭാവനകൾ, പൊതു സമൂഹത്തിനുള്ള സംഭാവനകൾ തുടങ്ങിയവ കണക്കിലെടുത്താണ് അവാർഡിന് അർഹനായ വ്യക്തികളെ തെരഞ്ഞെടുക്കുന്നത്.

(ഡി) വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും വ്യവസായ വകുപ്പ് സെക്രട്ടറിയും വ്യവസായ വകുപ്പ് ഡയറക്ടറും ചേമ്പർ ഓഫ് കൊമേഴ്സിന്റെയോ/കെ.എസ്.എസ്.ഐ.എ.യുടെ ഒരു പ്രതിനിധിയും അടങ്ങുന്ന സമിതിയാണ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് വ്യവസായ സംരംഭകരെ തെരഞ്ഞെടുക്കുന്നത്.

(ഇ) 2009-10 വർഷത്തെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ശ്രീ. എം. സി. ജേക്കബ്, ഗ്രൂപ്പ് ഫൗണ്ടർ, കിറ്റക്സ് ഗ്രൂപ്പ് എറണാകുളത്തിന് നൽകി.

LIBRARY ARCHIVES Kerala Legislative Assembly